**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 619** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി യുവതീയുവാക്കളുടെ തൊഴിൽ നൈപുണ്യവികസനത്തിന് പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. കെ. സനോജ്

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി യുവതീയുവാക്കളുടെ തൊഴിൽ നൈപുണ്യവികസനത്തിനും അതിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനുമായി നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>**

പട്ടികജാതി യുവതിയുവാക്കളുടെ തൊഴിൽ നൈപുണ്യവികസനത്തിനും അതിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനുമായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**<u>1.സ്വയംതൊഴിൽ പദ്ധതി</u>**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 1/3 സബ്സിഡി പരമാവധി 1 ലക്ഷം രൂപ അനുവദിക്കുന്നു.

**<u>2.നൈപുണ്യ വികസന പരിശീലനങ്ങൾ</u>**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളതും അല്ലാത്തവരുമായ തൊഴിൽ രഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് വകുപ്പ് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. വിവര സാങ്കേതികം, ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഈ പദ്ധതികൾ പ്രകാരം ഉറപ്പാക്കുന്നുണ്ട്.

**3.സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി**

പത്തോ അതിൽ കൂടുതലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കും 80 ശതമാനമോ അതിനുമുകളിലോ പട്ടികജാതി വിദാഗക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 75% തുക (പരമാവധി 10 ലക്ഷം രൂപ) സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഈ പദ്ധതി പ്രകാരം അനുവദിച്ചു നൽകുന്നു.

**4.സമൃദ്ധി കേരളം**

നിലവിൽ പ്രവർത്തിക്കുന്ന പട്ടികജാതി നാനോ/മൈക്രോ സംരംഭങ്ങളുടെ വികസനവും സാമ്പത്തിക സ്ഥിരതയും ലക്ഷ്യമിടുന്നു. 5 ലക്ഷം രൂപ വരെ (ആവശ്യാനുസരണം 10 ലക്ഷം രൂപ വരെ) ടേം ലോൺ അല്ലെങ്കിൽ വർക്കിംഗ് ക്യാപിറ്റൽ ലോൺ അനുവദിക്കും. 3% വാർഷിക പലിശ നിരക്കിലോ അല്ലെങ്കിൽ 20% വരെ ഫ്രണ്ട്-എൻഡഡ് സബ്സിഡിയായോ (പരമാവധി 2 ലക്ഷം രൂപ) സഹായം ലഭിക്കും. വായ്പാ കാലാവധി 4 മുതൽ 7വർഷം വരെയാണ്. തെരഞ്ഞെടുത്ത സംരംഭകർക്ക് രണ്ട് വർഷം മെന്ററിംഗ് പിന്തുണയും നൽകുന്നു. വനിതാ സംരംഭകർക്ക് മുൻഗണന നൽകുന്നു.

**5.വിദേശ തൊഴിൽ ധനസഹായ പദ്ധതി**

വിദഗ്ധ അവിദഗ്ധ തൊഴിൽ മേഖലകളിൽ അവസരം ലഭിച്ച പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട യുവതി യുവാക്കൾക്ക് ആദ്യ വിദേശത്തേക്കുള്ള യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

**6.പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ**

സംസ്ഥാനത്തുടനീളം 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത സ്ഥാപനം മുഖേന PSC പരിശീലനം പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികൾക്കായി വകുപ്പ് നൽകി വരുന്നുണ്ട്.

**7.ലക്ഷ്യ സ്കോളർഷിപ്പ്**

തിരുവനന്തപുരത്ത് മണ്ണന്തലയിൽ അംബേദ്കർ ഭവനിൽ സ്ഥിതി ചെയ്യുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി കേരളത്തിനകത്തും പുറത്തുമുള്ള പ്രധാനപ്പെട്ട സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിലേക്കായി ലക്ഷ്യ സ്കോളർഷിപ്പ് മുഖേന തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 60 പേർക്ക് ട്യൂഷൻ ഫീസ്, ബുക്ക് കിറ്റ് അലവൻസ്, പ്രതിമാസ സ്റ്റൈപന്റ്, ഹോസ്റ്റൽ ഫീസ് മുതലായ വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നു.

**(ബി)** ഈ പദ്ധതികളിലൂടെ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്; ഏതെല്ലാം മേഖലയിൽ, എത്ര പേർക്ക് ഇതിലൂടെ തൊഴിൽ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

**മറുപടി:** കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വകുപ്പ് നടപ്പിലാക്കിയ നൈപുണ്യ വികസ പരിശീലന പരിപാടികൾ വഴി 10032 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. വിവര സാങ്കേതികം, ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ, പ്ലാസ്റ്റിക് വ്യവസായം, കയർ, എഞ്ചിനീയറിംഗ്, അനിമേഷൻ ലോജിസ്റ്റിക്, ഡിസൈനിംഗ് തുടങ്ങിയ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 3013 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്.

**(സി)** ഇവരുടെ നൈപുണ്യ വികസനത്തിനായി പുതിയതായി ആരംഭിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**മറുപടി:** 2026-27 വർഷം പുതിയ നൈപുണ്യ വികസന പരിശീലനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**